



# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## ലാവ്‌ലിൻ : വിഫലമാകുന്ന വാദഗതികൾ

ലാവ്‌ലിൻ അഴിമതിയാരോപണവുമായി ബന്ധപ്പെട്ട് പിണറായിക്കനുകൂലവും പ്രതികൂലവുമായ നിരവധിവാദങ്ങളുടെയും പ്രസ്ഥാവനകളുടെയും പ്രളയം കോമഡിഷോ കാലം കഴിഞ്ഞ് മുഴുവൻ ബോറഡിപ്പിച്ചുകൊണ്ടിരിക്കുകയാണ് (ഇതെഴുതുമ്പോൾ മുന്നിൽ പീപ്പിൾ ചാനലിൽ തോമസ് ഐസക്കും ചർവിതചർവണം നടത്തുന്നുണ്ട്. പക്ഷെ കേരളത്തിലെ സി പി എമ്മിനു മുന്നിലുള്ള വലിയ വെല്ലുവിളിയെ അവർ ഇന്ന് അഭിമുഖീകരിക്കുന്നുണ്ടോ എന്ന സംശയം ബാക്കിനിൽക്കുന്നുണ്ട്. ഒരു കാര്യം ഉറപ്പാണ്, അടുത്ത ഇരുപത് വർഷത്തേക്കെങ്കിലും കേരള രാഷ്ട്രീയത്തിലെ ഒരു ബസ്‌വേർഡ് ആയിരിക്കും ലാവ്‌ലിൻ. കരുണാകരനെപ്പോലെ ബാലകൃഷ്ണപിള്ളയെപ്പോലെ ജയലളിതയെപ്പോലെ പിണറായിയും അടുത്ത ഇരുപത് വർഷത്തേക്കെങ്കിലും കോടതികളിൽ നിന്നും കോടതികളിലേക്ക് ഓടി നടക്കേണ്ടി വരുമെന്ന് ഉറപ്പായിരിക്കുന്നു. ഇരുപത് വർഷം കഴിഞ്ഞിട്ടും പാമോയിൽ കേസിൽ ഇതുവരെ ഒരു വിചാരണയും നടന്നിട്ടില്ലെന്നത് ഓർക്കുക. സി പി എം ഈ പ്രശ്നത്തെ എങ്ങിനെ നേരിടുമെന്നത് നിയമപരമായും രാഷ്ട്രീയമായും നേരിടും എന്ന പ്രസ്താവനപോലെ എളുപ്പമാകില്ല. പിണറായി നിരപരാധിയാണെന്ന് സി പി എം വിശ്വസിക്കുന്നുണ്ടെങ്കിൽ മാധ്യമങ്ങളിലെ പ്രസ്ഥാവനായുദ്ധങ്ങൾക്കോ ഗ്രൂപ്പ് യുദ്ധങ്ങൾക്കോ അപ്പുറം നീതിന്യായ വ്യവസ്ഥിതിയുടെ ഗതിവേഗത്തിനായി പ്രവർത്തിക്കുകയാണ് വേണ്ടത്.

**അനിവർ അരവിന്ദ്**, ബാംഗ്ലൂർ

## ഹരിത സാക്ഷരതയില്ലാത്ത രാഷ്ട്രീയക്കാർ


സർക്കാർ തലത്തിൽ വനവൽക്കരണം, വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കൽ തുടങ്ങി പലതരം പദ്ധതികൾ കാലാകാലങ്ങളിലായി നടപ്പാക്കുന്നുണ്ട്. ഇതുകൊണ്ട് വല്ല ഗുണവും പരിസ്ഥിതിയിൽ സംഭവിക്കുന്നുണ്ടോ എന്ന് ഓഡിറ്റ് ചെയ്യേണ്ട സമയം വൈകിയിരിക്കയാണ്.

തൃശൂർ ജില്ലയിൽ മൂന്നു വർഷം മുമ്പ് എന്തൊരു ആഘോഷമായിരുന്നു മണലിപ്പുഴയുടെ തീരങ്ങളെ പച്ചപിടിപ്പിക്കാൻ. ഈറ്റ, മുള എന്നിവ നടുന്ന വിപുലമായ പരിപാടി. എത്രയെത്ര വകുപ്പുകളായിരുന്നു സംയുക്തസേനയിൽ. നട്ടത് മുഴുവൻ വേനലിലെ പൊരിവെയിലി. നനയ്ക്കാൻ വാല്യക്കാരൊന്നുമില്ലല്ലോ ഒക്കെ കരിഞ്ഞുപോയി. അന്നാലെന്താ എല്ലാവർക്കും കിട്ടിക്കാണും വിഹിതം. ആകാശവാണി ഒരാഴ്ച്ചക്കാലം 'ഇല്ലിമുളം കാടുകളിൽ' എന്ന ഗാനം പ്രക്ഷേപണം ചെയ്തുകൊണ്ടിരുന്നു. കവിയരങ്ങിലെ കവികൾക്കും കിട്ടിക്കാണും തന്റേതായ പങ്ക്. ഇപ്പോൾ മണലിപ്പുഴയുടെ തീരത്തെ സ്ഥിതിയെന്താണ്. ഒന്നുപോയി നോക്കുന്നത് നല്ലതാണ്.

നിയമസഭാ പരിസ്ഥിതി കമ്മിറ്റി ചെയർമാനായ എംഎൽഎയുടെ നേതൃത്വത്തിലാണ് ഈ കലാപരിപാടി നടന്നത്. സഖാവെ, വർഷക്കാലത്ത് തൈനെട്ടാൽ കുറച്ചെങ്കിലും പ്രകൃതിതന്നെ സംരക്ഷിക്കും. ഇപ്പോഴിത് നടണോ എന്നു ചോദിക്കാനുള്ള ചങ്കൂറ്റം ഇതിൽ പങ്കെടുത്ത മഹാത്മാക്കൾക്ക് ഉണ്ടായില്ല. ഇതാണ് കേരളത്തിലെ ശരാശരി രാഷ്ട്രീയക്കാരുടേയും ഉദ്യോഗസ്ഥരുടേയും പാരിസ്ഥിതികാവബോധം. പദ്ധതികൾ തുടങ്ങും മുമ്പ് ഇവരെ ഹരിത സാക്ഷരത പഠിപ്പിക്കലാണ് അടിയന്തിരമായി വേണ്ടത്.

പരിസ്ഥിതി സംരക്ഷിക്കാനുദ്ദേശിക്കുന്നുവെങ്കിൽ അതിൽ സമർപ്പിതമായ വ്യക്തികളുടെ മുൻകൈ ഇത്തരം പരിപാടികളുടെ പ്ലാനിംഗിലെങ്കിലും ഉണ്ടാകണം. മന്ത്രിയും എം.എൽ.എയും ഉദ്യോഗസ്ഥരുടെ ഏറാൻമൂളികളും ഒക്കെ ഉണ്ടായയതുകൊണ്ട് പരിസ്ഥിതിക്ക് ഒരു ഗുണവും ഉണ്ടാകില്ല, ദോഷം ഏറെ ഉണ്ടുതാനും. പ്രധാനം പൊതുജനാവിന്റെ ധൂർത്ത് തന്നെ. ഇവരിൽ പലർക്കും മരങ്ങൾ കുഴിച്ചിടാനേ അറിയൂ. നട്ടുവളർത്താൻ അറിയില്ല. കുറേ വിദ്യാർത്ഥികളും പ്രകൃതി സ്നേഹികളും സ്വന്തം നിലയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നുണ്ട്. അവരത് ശബ്ദഘോഷമില്ലാതെ നടത്തുന്നതുതന്നെയാണ് നിലനിന്നുകാണുന്നത്. കൃഷിഭൂമിക്ക് മണ്ണിട്ട് നികത്താൻ അനുമതി കൊടുക്കുന്നവർതന്നെ പരിസ്ഥിതി സംക്ഷണത്തിന് പ്രതിജ്ഞയും ചെയ്യും. ഈ നാടകവും കായംകലക്കലും ഇടതും വലതും ഒരുപോലെ കാലങ്ങളായി ചെയ്തുകൊണ്ടിരിക്കുകയാണ് കേരളത്തിൽ. പ്രകൃതി പച്ചപിടിച്ചില്ലെങ്കിലും ഇവരൊന്ന് പച്ചപിടിച്ചോട്ടെ എന്നാണെങ്കിൽ പിന്നെ എന്തുപറയാനാ.

**ഡേവീസ് വളർക്കാവ്**
പൊന്നുക്കര, തൃശൂർ.



# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

## കടുവകൾ എവിടെ?

'കടുവ' സംസ്ഥാനമെന്നറിയപ്പെടുന്ന മദ്ധ്യപ്രദേശ് ഇന്ന് കടുവകൾക്കുവേണ്ടി നെട്ടോട്ടമോടുകയാണ്. ഇതിനുള്ള ഏറ്റവും വലിയ ഉദാഹരണമാണ് മദ്ധ്യപ്രദേശിലെ ഏറ്റവും അധികം കടുവകൾ വിലസിയിരുന്ന 'പന്ന' വന്യജീവി സങ്കേതത്തിൽ കണ്ടുവന്നത്. ഇവിടെ കാലാകാലങ്ങളിൽ കടുവകളുടെ എണ്ണം വൻതോതിൽ കുറയുന്നതുകണ്ട് തുടങ്ങി. കടുവകളുടെ എണ്ണത്തിലുള്ള കുറച്ചിൽ കഴിഞ്ഞ ഫെബ്രുവരിയിൽ വെറും ഒന്നായി എന്ന് പറയുമ്പോൾ സംഗതിയുടെ ഗൗരവം മനസിലാക്കുവാൻ അധികം വിഷമമുണ്ടാവില്ല.

എന്നാൽ കടുവകൾ തീരെയില്ലായെന്ന് കാണിയ്ക്കുവാൻ ഇഷ്ടമില്ലാതെ, ടൂറിസം ലക്ഷ്യംവെച്ച് സംസ്ഥാന വനം-വന്യജീവി വകുപ്പ് അടുത്തുള്ള ഒരു വന്യജീവി സങ്കേതത്തിൽനിന്നും ഒരു കടുവയേ ഇവിടെ എത്തിക്കുകയായിരുന്നു.


6000 ചതുരശ്ര കിലോമീറ്റർ സംരക്ഷിത വനമേഖലയുണ്ടെന്ന് അവകാശപ്പെടുന്ന ഒരു സംസ്ഥാനത്തിന്റെ ദേശീയ മൃഗത്തിന്റെ ഗതിയാണീ കാണിച്ച സംഗതിയെന്നതാണ് പ്രശ്നം.

ഏകദേശം 2008ൽ മാത്രം 25 കോടി കടുവ സംരക്ഷണത്തിന് 'പന്ന' സങ്കേതത്തിൽ ചെലവഴിക്കുകയുണ്ടായി.

300 എണ്ണം കടുവകളുണ്ടെന്നവകാശപെടുന്ന സുന്ദർബെൻസിന്റെ സ്ഥിതിവിവരകണക്കുകളും ഇതുപോലെ തന്നെ.

**വിനോദ്കുമാർ ദാമോദർ**
കോഴിക്കോട്

## പി.വി. കൃഷ്ണന് സ്നേഹപൂർവ്വം മധുസൂദനൻ



കഴിഞ്ഞ ലക്കം കേരളീയത്തിൽ പി.വി. കൃഷ്ണന്റെ 'പ്രകൃതിയുടെ കണ്ണുനീർ' എന്ന പോസ്റ്ററിനെക്കുറിച്ച് പി.ആർ. ശ്രീകുമാർ എഴുതിയിരുന്നല്ലോ. ഞാൻ വരച്ച പി.വി. കൃഷ്ണന്റെ കാരിക്കേച്ചർ അദ്ദേഹത്തോടുള്ള സ്നേഹാർത്ഥം കേരളീയത്തിന് അയക്കുന്നു.

**മധുസൂദനൻ കെ.ബി.**
കോലഴി, തൃശൂർ.

## ആയിരങ്ങൾ ഇപ്പോഴും ജയിലിലാണ്

രണ്ടു വർഷത്തോളം നീണ്ടുനിന്ന അപൂർവ്വമായ ദേശീയ-അന്തർദേശീയ ക്യാംപയിനുകൾക്കൊടുവിൽ ബിനായക് സെന്നിനെ റായ്പൂർ ജയിലിൽ നിന്നും മോചിപ്പിച്ചു. ആദിവാസികളുൾപ്പെടെ ആയിരങ്ങൾ ഇപ്പോഴും ജയിലിലാണ്. ഇതുപോലെ ലാൽഗഢിലും ബിഹാർ, ഒറീസ, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിലും സാധാരണ ആൾക്കാരെ മാവോയിസ്റ്റുകളെന്നും ഭീകരരെന്നുമൊക്കെ വിളിച്ച് വിചാരണ തടവിലാക്കിയിരിക്കുകയാണ്. കോടതിയിൽ പോലും ഹാജരാക്കാതെ എത്രയോ പേർ. ദേശീയ അന്തർദേശീയ ക്യാംപയിനുകൾ ഇവർക്ക് വേണ്ടി സംസാരിക്കുമോ?

**വിജിത്ത് വി.സി.**
കണ്ണപുരം, കണ്ണൂർ

## പുഴതന്നെ വേണം

ഇനിയുള്ള കാലം ഡാമുകളല്ല, പുഴകളാണ് വേണ്ടത് എന്നു പറയുന്നതിന്റെ സാംഗത്യം വ്യക്തമാക്കുന്ന വിശദമായ പൂയംകുട്ടി ജലവൈദ്യുതപദ്ധതിക്കെതിരെയുള്ള കുറിപ്പിൽ (കേരളീയം ജൂൺ ലക്കം) ജോൺ പെരുവന്താനം പറയുന്ന കാര്യങ്ങൾ ഭാവിയിലേക്കുള്ള കറന്റ് എങ്ങനെ കണ്ടെത്തുമെന്ന് ആശങ്കപ്പെടുന്നവർ വീണ്ടും വായിക്കേണ്ടതാണ്. ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനാവശ്യമായ അടിസ്ഥാന വിഭവങ്ങൾ ഇല്ലാതെയാക്കിയിട്ട് കിട്ടുന്ന കറൻറു കൊണ്ട് ഇവർ ആർക്കാണ് വെട്ടമൊരുക്കുന്നത്. തികച്ചും അസംബന്ധം.

**കെ. അബ്ദുൾ ബഷീർ**
പേരാമ്പ്ര, കോഴിക്കോട്